**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2036** **01-09-2022 - ൽ മറുപടിയ്ക്ക്**

**ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ് എന്നറിയിക്കുമോ; ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (എ) | ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന പോലീസ് മേധാവിയ്ക്കാണ്. തിരുവനന്തപുരം ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, സ്പെഷ്യൽ ആംഡ് പോലീസ്, പോലീസ് ട്രെയിനിംഗ് കോളേജ് എന്നീ യൂണിറ്റുകളുടെ പരിധിയിലുള്ള ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള അധികാരം അതാത് യൂണിറ്റ് മേധാവികളിൽ നിക്ഷിപ്തമാണ്. Kerala Police (Family) Quarters Allotment and Occupation Rulesഅനുസരിച്ചാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പോലീസ് ക്വാർട്ടേഴ്സുകൾ മെയിന്റനൻസ് ചെയ്യുന്നില്ലെന്ന വിഷയം പരിശോധിക്കുമോ; ക്വാർട്ടേഴ്സുകൾ മെയിന്റനൻസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് യഥാസമയം ചെയ്തു വരുന്നുണ്ട്. നിലവിലുള്ള യൂണിറ്റ് മേധാവികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് അനുസരിച്ച് ആവശ്യമായ തുക, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുകയും ആയത് ഉപയോഗിച്ച് ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് ജോലികൾ യഥാസമയം തന്നെ പൂർത്തീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ